**Keraleeyam**

**Rs. 25/-** 2020 May Vol. 21 Issue 5




# ‘എനിക്ക് ശ്വാസം മുട്ടുന്നേ’

യു.എസ്സിലെ കറുത്ത വംശജനായ ജോർജ്ജ് ഫ്ളോയിഡ് എന്ന വ്യക്തി പൊലീസ് അതിക്രമത്തിൽ കൊല്ലപ്പെട്ട സംഭവത്തെ തുടർന്നുണ്ടായ പ്രതിഷേധം ലോകമെമ്പാടും വ്യാപിച്ചിരിക്കുകയാണ്. പ്രതിഷേധത്തിന്റെ അഞ്ചാമത്തെ ദിവസം തന്നെ യു.എസ്സിലെ 16 സ്റ്റേറ്റുകളിലായുള്ള 25 നഗരങ്ങളിലാണ് പൊലീസിന് കർഫ്യു പ്രഖ്യാപിക്കേണ്ടിവന്നത്. പത്ത് ദിവസത്തിനുള്ളിൽ 17 നഗരങ്ങളിലായി 1,400 ലേറെ പേരെയാണ് പ്രതിഷേധവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തത്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ലോസ് ഏഞ്ചൽസിൽ മാത്രം 500 ലേറെ പ്രതിഷേധക്കാരാണ് അറസ്റ്റു വരിച്ചത്. ഒരു കടയിൽ നടന്ന തട്ടിപ്പ് അന്വേഷിക്കാനെത്തിയ ഡെറിക് ചൗവിൻ എന്ന പോലീസുകാരൻ 46 കാരനായ ജോർജ്ജ് ഫ്ളോയിഡിനെ നിലത്തുകിടത്തിയ ശേഷം മുട്ടുകാലുകൊണ്ട് എട്ട് മിനുറ്റ് 46 സെക്കൻഡ് നേരം കഴുത്തുഞെരിക്കുകയായിരുന്നു. തുടർന്ന് ശ്വാസം മുട്ടിയാണ് ജോർജ് ഫ്ളോയ്ഡ് മരിച്ചത്. സംഭവത്തിൽ പൊലീസുകാരനായ ഡെറിക് ചോവിനെ കൊലക്കുറ്റത്തിന് അറസ്റ്റ് ചെയ്യുകയുണ്ടായി. ‘എനിക്ക് ശ്വാസം മുട്ടുന്നേ’ എന്ന് കരഞ്ഞുപറഞ്ഞിട്ടും ഫ്ളോയിഡിനെ ഡെറിക് ചോവൻ വെറുതെവിട്ടില്ല. കൊറോണ ഭീതി പോലും വകവയ്ക്കാതെ അമേരിക്കയിലെ പല നഗരങ്ങളും ‘എനിക്ക് ശ്വാസം മുട്ടുന്നേ’ എന്ന മുദ്രാവാകൃത്താൽ പ്രക്ഷുബ്ധമാവുകയാണ്. ഫ്ളോയിഡിന്റെ സംസ്കാര ചടങ്ങുകൾ നടന്ന ദിവസം യു.എസിലെ വിവിധ ഇടങ്ങളിൽ ഒത്തുചേർന്ന ജനങ്ങൾ, 8 മിനിറ്റ് 46 സെക്കൻഡ് സമയം മൗനം ആചരിച്ചാണ് ഫ്ളോയിഡിന് വിട നൽകിയത്. വർണവെറിക്കിരയായി മരിച്ച ജോർജ് ഫ്ളോയിഡിന് അമേരിക്കൻ ജനത നൽകിയ ഈ 8 മിനിറ്റ് 46 സെക്കൻഡ് യാത്രാമൊഴി വർണവിവേചനത്തിനെതിരായ പോരാട്ടങ്ങളുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായി മാറിയിരിക്കുന്നു. ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com